30-10-2021

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -30/10/2021

1. കേരള കാർഷിക സർവകലാശാലയുടെ കാർഷിക കോളേജ് വെള്ളായണിയിൽ വിളപരിപാലന വിഭാഗം ശാസ്ത്രജ്ഞർ വികസിപ്പിച്ച കളനിയന്ത്രണ യന്ത്രമായ **വീൽ ഹോ വീഡറിന്** കേന്ദ്രസർക്കാരിന്റെ ഡിസൈൻ പേറ്റന്റ് ലഭിച്ചു. ഒരു ചക്രവും ബ്ലേഡും ഉപയോഗിച്ച് വിളകളുടെ ഇടയിൽ നടന്നു നീങ്ങി കളകളെ നിയന്ത്രിക്കാൻ സഹായിക്കുന്ന ഈ യന്ത്രം സ്ത്രീകൾക്കും അനായാസം പ്രവർത്തിക്കാവുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. വിളകളുടെ ഇടയകലത്തിനു അനുസൃതമായി വിവിധ വലുപ്പത്തിലുള്ള (15 മുതൽ 30 സെ.മീ) ബ്ലേഡുകൾ ഘടിപ്പിക്കാവുന്നതാണ്. ഒരു മണിക്കൂറിൽ 0.015 ഹെക്ടർ (3.7 സെന്റ്) സ്ഥലത്തെ കളകൾ നിയന്ത്രിക്കുവാൻ ഈ യന്ത്രം ഉപയോഗിച്ച് സാധിക്കും. ബ്ലേഡ് മണ്ണിൽ 1.5 സെ.മീ. തുളച്ചു കയറുന്നതുവഴി കളകളെ വേരോടുകൂടി ചെത്തിമാറ്റുന്നതാണ് ഇതിന്റെ പ്രവർത്തനരീതി. ബ്ലേഡ് തിരശ്ചീനമായി 15 ഡിഗ്രി കോണിൽ ചരിഞ്ഞിരിക്കുന്നതിനാൽ ബ്ലേഡിന് അനായാസം മണ്ണിലേക്ക് തുളച്ചുകയറാൻ സാധിക്കുന്നു. സ്ക്വയർ ട്യൂബ് ആകൃതിയിലുള്ള ചട്ടക്കൂട് ആണ് ഈ യന്ത്രത്തിന്റെ സവിശേഷമായ ഘടകം. ഇതിൽ യന്ത്രത്തിന്റെ മൂന്ന് പ്രധാന ഭാഗങ്ങളായ ഹാൻഡിൽ ബാർ, വീൽ, ബ്ലേഡ് എന്നിവ ഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9495121213** എന്ന നമ്പരിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം വഴി നടപ്പിലാക്കുന്ന "ശീതകാല പച്ചക്കറി കൃഷി"എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) 2021 നവംബർ മാസം 8 ന് ആരംഭിക്കുന്നു. പൂർണ്ണമായും സൗജന്യമായി നടപ്പിലാക്കുന്ന ഈ കോഴ്സിൽ പഠിക്കാൻ താല്പര്യമുള്ളവർ 2021 നവംബർ 07 നകം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ നടപ്പിലാക്കുന്ന ഈ കോഴ്സ് പൂർണ്ണമായും തയ്യാറാക്കിയത് മലയാളത്തിലാണ്. ഒൻപത് സെഷനുകളിലായി 20 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് കെഎയു MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന് പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ / സ്മാർട്ട് ഫോൺ എന്നിവയുടെ സഹായത്തോടെ കോഴ്സ് പഠിക്കാവുന്നതാണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് അടച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കാവുന്നതാണ് . www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് 2021 നവംബർ 8 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

3. മൃഗാശുപത്രി സേവനങ്ങൾ ലഭ്യമല്ലാത്ത സമയങ്ങളിൽ കർഷകർക്ക് മൃഗപരിപാലന സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന **'അടിയന്തിര രാത്രികാല വെറ്ററിനറി സേവനം'** എന്ന പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി രാത്രി സമയങ്ങളിൽ കർഷകർക്ക് ആവശ്യമായ മൃഗചികിത്സ സേവനങ്ങൾ നൽകുന്നതിനുവേണ്ടി വെറ്ററിനറി ഡോക്ടർമാരായി ജോലി ചെയ്യുവാൻ താൽപര്യമുള്ള തൊഴിൽ രഹിതരായ യുവ വെറ്ററിനറി ബിരുദധാരികളെ തെരഞ്ഞെടുക്കുന്നു. താൽപര്യമുള്ള കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ രജിസ്ട്രേഷൻ നേടിയിട്ടുള്ള വെറ്ററിനറി ബിരുദധാരികൾ **2021 നവംബർ മാസം 8-ാം തീയതി** ബയോഡേറ്റയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം **രാവിലെ 11** മണിയ്ക്ക് ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്-ഇൻ- ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്. യുവ വെറ്ററിനി ബിരുദധാരികളുടെ അഭാവത്തിൽ റിട്ടയേർഡ് വെറ്ററിനറി ഡോക്ടർമാരെയും പരിഗണിക്കുന്നതാണ്. സേവന കാലയളവിൽ പ്രതിമാസവേതനമായി 43,155 രൂപ അനുവദിക്കുന്നതാണ്. വൈകുന്നേരം 6 മണി മുതൽ അടുത്ത ദിവസം രാവിലെ 6 മണി വരെയാണ് ജോലി സമയം. ആഴ്ചയിൽ ആറ് ദിവസം പ്രവർത്തി ദിവസമായിരിക്കും. പരമാവധി 89 ദിവസത്തേയ്ക്കോ, അല്ലാത്തപക്ഷം എംപ്ലോയ്മെന്റിൽ നിന്നുള്ള നിയമനം നടക്കുന്നതുവരെയോ ആയിരിക്കും നിയമന കാലാവധി. വെറ്ററിനറി സയൻസിലെ ബിരുദം, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ എന്നിവയാണ് അവശ്യയോഗ്യത. വിശദ വിവരങ്ങൾ 0477-2252431 എന്ന നമ്പരിൽ ഓഫീസ് പ്രവർത്തി സമയങ്ങളിൽ ലഭ്യമാണ്.

4. കേരള കാർഷിക സർവകലാശാലയുടെ കാർഷിക വിജ്ഞാന വിപണന കേന്ദ്രം വേങ്ങേരിയിൽ അവോക്കാഡോ, പേര, പ്ലാവ്, മാവ്, ചാമ്പ, പാഷൻ ഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട എന്നീ ഫല വൃക്ഷ തൈകളും, വേപ്പ്, കമുക്, കറിവേപ്പ്, കുടമ്പുളി, ഗ്രാമ്പു, കുരുമുളക് എന്നീ തൈകളും, വിത്തുകൾ,

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജൈവവളങ്ങൾ, ജൈവനിയന്ത്രണ ഉപാധികൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവയും വില്പനയ്ക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് **0495 2935850** എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

5. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ നാലു മാസത്തിനു മുകളിൽ പ്രായമുള്ള പശുക്കൾക്കും എരുമകൾക്കും നവംബർ 3 വരെ മൃഗസംരക്ഷണവകുപ്പ് സൗജന്യ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നു. ഈ കുളമ്പുരോഗ നിവാരണ യജ്ഞകാലയളവിൽ മൃഗസംരക്ഷണവകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ കർഷകരുടെ വീടുകളിൽ എത്തി ഉരുക്കൾക്ക് പ്രതിരോധ വാക്സിൻ നൽകുന്നതാണ്. എല്ലാ കർഷകരും തങ്ങളുടെ പശുക്കളേയും എരുമകളേയും ഈ കാലയളവിൽ കുളമ്പുരോഗത്തിനെതിരായുള്ള സൗജന്യ പ്രതിരോധകുത്തിവയ്പ്പിനു വിധേയമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

6. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള **ബി.വി 380** ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. മുൻകൂട്ടി ബുക്ക് ചെയ്തവർക്ക് നേരിട്ട് വന്ന് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ 5 മണിവരെ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം